LIBRARY ARCHIVES Kerala Legislative Assembly

തരിശുനിലം കൃഷിയോഗ്യമാക്കാൻ പദ്ധതി

10 (*130) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശുനിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) ഉണ്ട്. സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് 2015-16-ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻകീഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം പച്ചക്കറി കൃഷിക്ക് അനുയോജ്യമായ 400 ഹെക്ടർ തരിശുനിലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്. ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് ഭൂവുടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും സഹായമായി നൽകുന്നു. 400 ഹെക്ടർ തരിശു നിലം കൃഷി ചെയ്യുന്നതിന് 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ പ്രവർത്തന നിർദ്ദേശങ്ങളും തുകയും എല്ലാ ജില്ലകൾക്കും നൽകിക്കഴിഞ്ഞു.

(ബി) മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായി കിടന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റി അതുവഴി കൂടുതൽ തരിശുഭൂമി കൃഷിയോഗ്യമാക്കുവാനും ഉല്പാദനം, ഉല്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അത്തരത്തിൽ പച്ചക്കറി കൃഷിയിടങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിക്കുകവഴി സംസ്ഥാനത്ത് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്താക്കി മാറ്റുകയും

ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം. തരിശുനിലത്തിൽ പച്ചക്കറി കൃഷി എന്ന പദ്ധതി നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്ത് 400 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുവാനും അധികമായി 5200 ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനും കഴിയുന്നതാണ്.

(സി) കുടുംബശ്രീ, ജനശ്രീ, സ്വാശ്രയ സംഘങ്ങൾ. തരിശു ഭൂമിയുടെ ഉടമകൾ, ഭൂരഹിത കർഷകർ, കർഷക ഗ്രൂപ്പുകൾ, യൂത്ത് ക്ലബ്ബുകൾ എന്നിവർ കൂടാതെ കൃഷി ചെയ്യാൻ താല്പര്യമുള്ള എല്ലാവർക്കും ഈ പദ്ധതിയിൽ പങ്കാളികളാകാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ കൃഷി ഭവൻ ആണ് പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നത്. കർഷകർക്ക് ആവശ്യമായ വിത്ത്, തൈകൾ എന്നിവ കൃഷി വകുപ്പിന്റെ ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, വി.എഫ്.പി.സി.കെ. എന്നിവിടങ്ങളിൽനിന്ന് വാങ്ങാവുന്നതാണ്.

(ഡി) I <u>തരിശു നിലത്തിൽ പച്ചക്കറി കൃഷി</u>

<u>2013-14</u>

2013-14 വർഷത്തിൽ തരിശുനിലത്തിൽ കൃഷി ചെയ്യുന്ന പദ്ധതി അനുസരിച്ച് താഴെപ്പറയുന്ന രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. <u>പച്ചക്കറി വികസന പദ്ധതി (തരിശു നിലം കൃഷി)</u>

2013-14-ലെ പച്ചക്കറി വികസന പദ്ധതി പ്രകാരം 1186.5691 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഒരു ഹെക്ടർ തരിശുനിലം കൃഷി ചെയ്യുന്നതിന് 30,000 രൂപയാണ് ധനസഹായമായി നൽകിയത്. ഒരു ഹെക്ടറിന് ഭൂ. ഉടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും ധനസഹായമായി നൽകി. ആകെ 351.162 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം ധനസഹായമായി നൽകി.

2. <u>തരിശു രഹിത പഞ്ചായത്ത്</u>

2013-14-ലെ തരിശു രഹിത പഞ്ചായത്ത് പദ്ധതി പ്രകാരം വാഴ, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. തരിശു നിലത്തിൽ വാഴ കൃഷി ചെയ്തതിന് ഹെക്ടറിന് 40,000 രൂപ നിരക്കിൽ 664.75 ഹെക്ടർ വാഴകൃഷി ചെയ്തതിന് 261.65 ലക്ഷം രൂപ സഹായധനം നൽകി. കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷിക്ക് ഹെക്ടറിന് 30,000 രൂപ നിരക്കിൽ 266.56 ഹെക്ടറിൽ കിഴങ്ങുവിള കൃഷി ചെയ്തതിന് 77.69 ലക്ഷം രൂപ സഹായധനം നൽകി.

LIBRARY ARCHIVES Kerala Legislative Assembly

2014-15

2014-15-ലെ പച്ചക്കറി വികസന പദ്ധതി പ്രകാരം 513.616 ഹെക്ടർ തരിശ്ശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഒരു ഹെക്ടർ തരിശ്ശു നിലം കൃഷി ചെയ്യുന്നതിന് ഭൂ ഉടമയ്ക്ക് 5000 രൂപയും കർഷകന് 25000 രൂപയും അടക്കം 30000 രൂപ സബ്സിഡിയായി നൽകി. ഇതിനായി 153.558 ലക്ഷം രൂപ ചെലവഴിച്ചു.

2015-16

2015-16 വർഷത്തിൽ 400 ഹെക്ടർ തരിശ്ശു ഭൂമിയിൽ കൃഷിയിറക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഒരു ഹെക്ടർ തരിശ്ശുനിലം കൃഷി ചെയ്യുന്നതിന് ഭൂ ഉടമയ്ക്ക് 5000 രൂപയും കർഷകന് 25000 രൂപയും അടക്കം 30000 രൂപ സബ്സിഡിയായി നൽകും. ഇതിനായി 120 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

II 2011-2012 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് 246.37 ലക്ഷം രൂപ ചെലവഴിച്ച് തരിശ്ശുനില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു.

2012-2013 വർഷം ആകെ 1373.4 ഹെക്ടർ തരിശ്ശുനിലത്തിൽ നെൽകൃഷി 321.27 ലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കി.

2013-2014 വർഷം ആകെ 1636 ഹെക്ടർ തരിശ്ശു ഭൂമിയിൽ നെൽകൃഷി നടപ്പിലാക്കുകയുണ്ടായി.

2014-2015 വർഷം ആകെ 1805.802 ഹെക്ടർ തരിശ്ശുഭൂമിയിൽ നെൽകൃഷി നടപ്പിലാക്കുകയുണ്ടായി.

പ്രവാസി മലയാളികളുടെ പുനരധിവാസം

11 (*131) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുദ്ധഭൂമിയിൽ ഉൾപ്പെടെ ജോലി ചെയ്ത പ്രവാസി മലയാളികളെ നാട്ടിലെത്തിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly